പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1170 30.09.2016-ലെ മറുപടിക്ക്

# ബസ് ടെർമിനൽ ആരംഭിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ആർ. രാജേഷ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ചാരുംമൂട്ടിൽ കെ.എസ്.ആർ.ടി.സിക്ക് സ്വന്തമായി ഭൂമി ഇല്ല. അതുകൊണ്ട് തന്നെ ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | കേരളത്തിലെ കെ.എസ്.ആർ. ടി.സി. ബസ് ഡിപ്പോകളുടെ കെട്ടിടങ്ങൾ പഞ്ചായത്ത് / മുനിസിപ്പാലിറ്റി അധീനതയിൽ നിൽകുന്ന സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുണ്ടോ; കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ പോക്കുവരവ് നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നിർമ്മാണം നടന്ന സ്ഥലങ്ങളുടെയും കെട്ടിടത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സ്റ്റേറ്റ്മെന്റിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റി കൈമാറിയ സ്ഥലങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കണിയാപുരം, പൂവാർ, ആറ്റിങ്ങൽ, വെഞ്ഞാറമൂട്, വിതുര, വെള്ളറട, വികാസ്ഭവൻ, ശാസ്താംകോട്ട, ചടയമംഗലം, പത്തനാപുരം, ആര്യങ്കാവ്, പുനലൂർ, ആയൂർ, ഇടമൺ, മാവേലിക്കര, പന്തളം, തിരുവല്ല, കോന്നി, കട്ടപ്പന, മൂലമറ്റം, മൂവാറ്റുപുഴ, കൂത്താട്ടുകുളം, മട്ടാഞ്ചേരി, പുതുക്കാട്, ഇരിങ്ങാലക്കുട, മാള, കൊടുങ്ങല്ലൂർ, തൃശ്ശൂർ, പാവങ്ങാട്, തൊട്ടിൽപ്പാലം, തിരുവമ്പാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി എന്നീ സ്ഥലങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ പേരിൽ പോക്ക് വരവ് ചെയ്തിട്ടില്ല. പഞ്ചായത്ത് / മുനിസിപ്പാലിറ്റി കൈമാറിയതും കെ.എസ്. ആർ.ടി.സിയുടെ പേരിൽ പോക്കുവരവ് ചെയ്തിട്ടില്ലാത്തതും എന്നാൽ കെ.എസ്. ആർ.ടി.സി.യുടെ കൈവശത്തിലിരിക്കുന്നതുമായ കണിയാപുരം, പൂവാർ, ആറ്റിങ്ങൽ, |

| | | | |
|---|---|---|---|
| | | | വെഞ്ഞാറമൂട്, വിതുര, വെള്ളറട, വികാസ് ഭവൻ. ശാസ്താംകോട്ട, ചടയമംഗലം, പത്തനാപുരം, പുനലൂർ, മാവേലിക്കര, പന്തളം, തിരുവല്ല, കോന്നി, കട്ടപ്പന, മൂലമറ്റം, മൂവാറ്റുപുഴ, കൂത്താട്ടുകുളം, പുതുക്കാട്, ഇരിങ്ങാലക്കുട, മാള, കൊടുങ്ങല്ലൂർ, തൃശ്ശൂർ, പാവങ്ങാട്, തൊട്ടിൽപ്പാലം, തിരുവമ്പാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി എന്നീ സ്ഥലങ്ങളിലും പാട്ടവ്യവസ്ഥയിൽ ലഭ്യമായ ആനയറ, പമ്പ, എരുമേലി, കാഞ്ഞങ്ങാട് എന്നീ സ്ഥലങ്ങളിലും ബസ് സ്റ്റേഷൻ കെട്ടിടവും ഗ്യാരേജ് നിർമ്മാണവും നടത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

...ൽ ലഭ്യമാണ്